ഉത്തരം

(എ) 20-1-2016-ലെ കോ-ഓർഡിനേഷൻ സമിതി യോഗം അപേക്ഷ പരിഗണിക്കുകയും പാലിയേറ്റീവ് കെയർ സംബന്ധിച്ച പരിഷ്കരിച്ച മാർഗ്ഗരേഖയിലെ വ്യവസ്ഥകൾ പാലിക്കുന്നതിന് കോ-ഓർഡിനേഷൻ സമിതിയുടെ 3.2 നമ്പർ തീരുമാന പ്രകാരം പഞ്ചായത്തിനോട് നിർദ്ദേശിക്കുകയും ചെയ്തിട്ടുണ്ട്.

(ബി&സി) കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ അംഗീകരിച്ച മിനിട്സ് തദ്ദേശഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ ലഭ്യമാക്കിയിട്ടുണ്ട്. ആയതുപ്രകാരം പഞ്ചായത്തിന് നടപടി സ്വീകരിക്കാവുന്നതാണ്.

പ്ലാസ്റ്റിക് മാലിന്യ പ്രശ്നപരിഹാരത്തിന് കരാർ

278 (T1656) ശ്രീ. കെ. എം. ഷാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭക്ഷ്യവിഭവങ്ങളും കുടിവെള്ളവും വിതരണം ചെയ്യുന്ന പ്ലാസ്റ്റിക് കണ്ടെയിനറുകളും കുപ്പികളും തിരിച്ചെടുക്കുന്ന കാര്യത്തിൽ ഏതെങ്കിലും കമ്പനികളുമായി കരാർ ഉണ്ടാക്കിയിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ അത്തരം പ്ലാസ്റ്റിക് മാലിന്യങ്ങൾ പ്രശ്നം സൃഷ്ടിക്കുമെന്നതിനാൽ ഇക്കാര്യത്തിൽ അടിയന്തര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) വിവരം ശേഖരിച്ചുവരുന്നു.

ശുചിത്വമിഷൻ

279 (1657) ശ്രീ. കെ. കെ. ജയചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശ സ്ഥാപനങ്ങളുടെ സഹായത്തോടെ ശുചിത്വമിഷൻ വഴി നടത്താവുന്ന പദ്ധതികൾ ഏതൊക്കെയാണ്; വിശദമാക്കാമോ;

(ബി) ഈ സർക്കാർ അധികാരമേറ്റതിന് ശേഷം ഇതുവരെ ശുചിത്വമിഷന്റെ പ്രവർത്തനങ്ങൾക്കായി ലഭിച്ച കേന്ദ്ര സഹായം എത്രയെന്ന് വ്യക്തമാക്കാമോ;

(സി) കേന്ദ്ര സഹായത്തിനു പുറമെ ഇതുവരെ സംസ്ഥാന സർക്കാർ എത്ര തുക അനുവദിച്ചുവെന്നും അതിൽ ട്രഷറിയിൽ നിന്നും പിൻവലിച്ച് എത്ര തുക ചെലവഴിച്ചുവെന്നും വ്യക്തമാക്കാമോ?

T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

LIBRARY ARCHIVES Kerala Legislative Assembly